കേരഫെഡിന്റെ കൊപ്ര സംഭരണം

115 [417] *ശ്രീ. സി. കെ. നാണു:*
„ *എ. സി. ഷൺമുഖദാസ്:*
„ *കെ. പി. മോഹനൻ:*

ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരഫെഡ് കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ടൺ കൊപ്ര സംഭരിച്ചുവെന്നും അതിൽ എത്ര ടൺ കൊപ്ര കേരഫെഡിന്റെ ഫാക്ടറികളിൽ ക്രാഷ് ചെയ്ത് എണ്ണയാക്കിയെന്നും വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ സംഘങ്ങൾ മുഖേന കേരഫെഡ് ഇപ്പോൾ കൊപ്ര സംഭരിക്കുന്നുണ്ടോ;

(സി) എങ്കിൽ എവിടെനിന്നെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഡി) കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ടൺ വീതം കൊപ്ര സംഭരിച്ചു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2004-2005 സാമ്പത്തിക വർഷം കേരഫെഡ് 8150 ടൺ കൊപ്ര സംഭരിക്കുകയും 8140 ടൺ കൊപ്ര കേരഫെഡിന്റെ ഫാക്ടറികളിൽ സംസ്ക്കരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) & (ഡി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

തൃശ്ശൂർ ജില്ലയിലെ കാർഷിക വിളകൾക്കുണ്ടായ നാശനഷ്ടങ്ങൾ

116 [418] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ കാർഷിക വിളകൾക്ക് ഉണ്ടായ നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കുമോ;

(ബി) നാശനഷ്ടം സംഭവിച്ച കൃഷിക്കാർക്ക് സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) തൃശ്ശൂർ കോൾ മേഖലയിൽ മുവനൽമഴയിൽ വിളവെടുക്കാറായ നെല്ല് വെള്ളം മുങ്ങി നശിച്ചുപോയ നെൽകൃഷിക്കാരുടെ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇവർക്ക് സാമ്പത്തിക സഹായം നൽകാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലയിൽ 2005 ഏപ്രിൽ, മേയ് മാസങ്ങളിൽ ഉണ്ടായ വേനൽ മഴയിലും കാലവർഷക്കെടുതിയിലും മൊത്തം 323 കോടി രൂപയുടെ വിള നഷ്ടം ഉണ്ടായിട്ടുണ്ട്.

(ബി) 2005 ഏപ്രിൽ മാസത്തിൽ ഉണ്ടായ വിള നാശത്തിന് 37,70,182 രൂപ ജൂൺ അവസാനം മുതൽ വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. മേയ് മാസത്തിൽ ഉണ്ടായ വിള നാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി 74 ലക്ഷം രൂപ കൂടി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ഏപ്രിൽ മാസത്തിൽ ഉണ്ടായ വേനൽമഴയിൽ 758.512 ഹെക്ടറിലെ വിളവെടുക്കാറായ നെൽകൃഷിക്ക് നാശം ഉണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്.

(ഡി) നിലവിലുള്ള നിബന്ധനകൾ അനുസരിച്ച് ഹെക്ടറിന് 1500 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്.

എൻഡോസൾഫാൻ തളിച്ചതിന്റെ പാർശ്വഫലമനുഭവിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിന് നടപടി

117 [419] *ശ്രീ. ചെർക്കളം അബ്ദുള്ള:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ തളിച്ചതുമൂലം പ്രയാസമനുഭവിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസത്തിനുള്ള പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജുകൾ എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പാക്കേജുകൾ നടപ്പിലാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുനരധിവാസത്തിനുള്ള പാക്കേജ് കൃഷി വകുപ്പ് തയ്യാറാക്കിയിട്ടില്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly